# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 812 03.12.2014-ൽ മറുപടിക്ക്

## കുടുംബാസൂത്രണ പദ്ധതിയിൽ കാലോചിതമായ മാറ്റം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കുടുംബാസൂത്രണ പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്താത്തതുമൂലം പൊതുജന അംഗീകാരം കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | കാലോചിതമായ മാറ്റങ്ങൾ കുടുംബാസൂത്രണ രംഗത്ത് നടക്കുന്നുണ്ട്. ഈ കാരണങ്ങൾകൊണ്ട് അംഗീകാരം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കുടുംബാസൂത്രണ പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്ന് ലോകാരോഗ്യ സംഘടന എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (ബി) | കാലോചിതമായ മാറ്റങ്ങൾ കുടുംബാസൂത്രണരംഗത്ത് നടപ്പിലാക്കുന്നതിന് ലോകാരോഗ്യ സംഘടന നൽകുന്ന നിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ മന്ത്രാലയം അംഗീകരിച്ചതിനുശേഷം മാത്രമേ സംസ്ഥാനതലത്തിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) പൊതുജനങ്ങൾക്ക് സ്വീകാര്യമായതും ലോകാരോഗ്യ സംഘടന അംഗീകരിച്ചതുമായ പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | (സി) | പൊതുജനങ്ങൾക്ക് സ്വീകാര്യമായതും ലോകാരോഗ്യ സംഘടന അംഗീകരിച്ചതുമായ ചുവടെ ചേർക്കുന്ന പരിപാടികൾ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ നടപ്പിലാക്കിവരുന്നു.<br>PPIUCD - പ്രസവം/പ്രസവ ശസ്ത്രക്രിയയെതുടർന്ന് CuT (കോപ്പർ ടി) നിക്ഷേപിക്കുന്ന പദ്ധതി.<br>NSV - ഓപ്പറേഷൻ കൂടാതെയുള്ള ലളിതമായ പുരുഷ വന്ധ്യംകരണ രീതി.<br>Cu 375 - 5 വർഷത്തിലൊരിക്കൽ മാത്രം നിക്ഷേപിക്കുന്ന നൂതനമായ CuT (കോപ്പർ ടി).<br>EC Pills - സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിനു ശേഷം ഗർഭധാരണം ഒഴിവാക്കാൻ കഴിക്കേണ്ട ഗുളിക. |

സെക്ഷൻ ഓഫീസർ